# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.398

## 08-08-2017 ൽ മറുപടിക്ക്

### കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെ നിർവ്വഹണം

| ചോദ്യം<br>ശ്രീ. കെ. രാജൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലൂടെ ഭരണാനുമതി നൽകുന്ന പ്രവർത്തികളുടെ നിർവ്വഹണം നടത്തുന്നതിന് ഏജൻസികളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ? എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹിക്കേണ്ടത് പ്രത്യേക ഉദ്ദേശ സംവിധാനം അഥവാ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) വഴിയാണ്. പദ്ധതികളുമായി ബന്ധപ്പെട്ട് ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി വഴിയാണ് അതാത് എസ്.പി.വി. കളെ നിശ്ചയിക്കുന്നത്. കിഫ്ബി സ്വന്തമായി നിർവ്വഹണ ഏജൻസികളെ ലിസ്റ്റ് ചെയ്യുന്നില്ല. |
| (ബി) നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | 08.08.2016 ലെ സ. ഉ കൈ നം. 315/2016/ധന ഉത്തരവ് പ്രകാരം കിഫ്ബിയിലൂടെ നടപ്പിലാകുന്ന പദ്ധതികളുടെ പദ്ധതിനിർവഹണ ഏജൻസികൾ തിരഞ്ഞെടുക്കേണ്ടതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് ചുവടെ പറയുംവിധമാണ്:<br>1. പദ്ധതി നിർവ്വഹണത്തിനുള്ള ഏജൻസികളെ അതത് ഭരണവകുപ്പ് പദ്ധതിയെ സംബന്ധിച്ച് ഒരു വിഭാവനക്കുറിപ്പ് കിഫ്ബിക്ക് സമർപ്പിക്കുന്നതിനോടൊപ്പം തന്നെ തീരുമാനിക്കേണ്ടതാണ്.<br>2. പദ്ധതികളുടെ ആവശ്യാനുസരണം ഭരണവകുപ്പിന് |

| | |
|---|---|
| | പുതിയതായി ഒരു പദ്ധതിനിർവ്വഹണ ഏജൻസിയെ (SPV) രൂപീകരിക്കുകയോ നിലവിലുള്ള ഏതെങ്കിലുമൊരു ഏജൻസിയുടെ സേവനം ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്.<br>3. ടി ഏജൻസികൾ പദ്ധതിക്കാവശ്യമായ പദ്ധതി രേഖ തയ്യാറാക്കൽ, അപ്രൈസൽ, നിർവ്വഹണം, നിരീക്ഷണം, വിലയിരുത്തൽ തുടങ്ങിയവ നടത്തേണ്ടതാണ്. ഒരു ഫുൾടൈം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിലുള്ള ഏജൻസി ആവണം പ്രസ്തുത എസ്.പി.വി ഇതിൽ സർക്കാർ നോമിനികൾ ഉണ്ടാവേണ്ടതുമാണ്.<br>4. 2013 ലെ കമ്പനീസ് ആക്ടിൻ കീഴിൽ സ്ഥാപിതമായ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവ പ്രൊമോട്ടർമാരായി മതിയായ ഓഹരി പങ്കാളിത്തമുള്ള ലിമിറ്റഡ് കമ്പനികളെ പദ്ധതി നിർവ്വഹണ ഏജൻസിയായി കണക്കാക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**